LIBRARY ARCHIVES Kerala Legislative Assembly

അഴിമതിക്കെതിരെയുള്ള വിജിലൻസ് അന്വേഷണങ്ങൾ

21 (*171) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. സുരേഷ് കറുപ്പ് :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതികൾക്കെതിരെയുള്ള വിജിലൻസ് അന്വേഷണങ്ങൾ അട്ടിമറിക്കപ്പെടുന്നുണ്ടോ ; എങ്കിൽ ആയത് തടയാൻ തയ്യാറാകുമോ ;

(ബി) അഴിമതിയും കെടുകാര്യസ്ഥതയും ഉന്നയിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന വിജിലൻസ് അന്വേഷണങ്ങളിൽ, അധികാര ദുർവിനിയോഗം ചെയ്തുകൊണ്ടും അന്വേഷണ ഉദ്യോഗസ്ഥന്മാരെ സമ്മർദ്ദത്തിലാക്കിക്കൊണ്ടും അന്വേഷണങ്ങൾ അട്ടിമറിക്കപ്പെടുന്നുണ്ടോ ;

(സി) അഴിമതിക്കാരും അധികാരം ദുർവിനിയോഗം ചെയ്ത വരുന്നവരും നിയമത്തിന്റെ മുന്നിൽനിന്നും രക്ഷപ്പെട്ട പോകുന്ന ദുരവസ്ഥ അവസാനിപ്പിക്കാൻ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു ; വിശദമാക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ആരോപണം ഉന്നയിക്കപ്പെട്ടതും വിജിലൻസ് അന്വേഷണം നടത്തി ഉന്നതരായ കുറ്റവാളികളെ ശിക്ഷിച്ചതുമായ കേസുകൾ ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ&ബി) അന്വേഷണങ്ങൾ ഒരു സാഹചര്യത്തിലും അട്ടിമറിക്കപ്പെടുന്നില്ല.

(സി) പ്രസ്തുത ദുരവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അത്തരം കേസുകളില്ല.

സിനിമാ തിയേറ്ററുകളിലെ സെസ്സ്

22 (*172) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക പ്രവർത്തന ക്ഷേമനിധി ബോർഡിന്റെ ഫണ്ട് ശേഖരണാർത്ഥം സിനിമാ തീയേറ്ററുകളിലെ ഓരോ ടിക്കറ്റ് തുകയിൽനിന്നും 3 രൂപ സെസ്സ് ഇനത്തിൽ ശേഖരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ച് സെസ്സ് പിരിക്കുവാൻ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ എന്ന് വ്യക്തമാക്കുമോ ;

(ബി) സെസ്സ് ഇനത്തിൽ നാളിതുവരെ എത്ര രൂപ പിരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇക്കാര്യത്തിൽ തീയറ്ററുടമകളുമായി എന്തെങ്കിലും കേസ് നിലവിലുണ്ടോ ; എങ്കിൽ അതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ ;

(സി) സെസ്സ് പിരിച്ച് നല്കുവാൻ വിസമ്മതിക്കുന്ന തീയേറ്ററുടമകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്. തിയേറ്ററുകളിൽനിന്നും സെസ്സ് ഇനത്തിൽ പിരിച്ചതുക 18-5-2013 മുതൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിൽ വന്നുചേർന്നിട്ടുണ്ട്.

(ബി) നാളിതുവരെ (30-11-2015) സെസ്സ് ഇനത്തിൽ മൊത്തം 42,00,385 രൂപയാണ് വന്നുചേർന്നിട്ടുള്ളത്.

സെസ്സ് പിരിവുമായി ബന്ധപ്പെട്ട നിയമവ്യവസ്ഥകൾ ചോദ്യം ചെയ്തുകൊണ്ട് കേരള ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷനും മറ്റുചില കക്ഷികളും ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന WP(C) No. 4195/2013, 5465/2013, 4897/2013, 12705/2013 എന്നീ കേസ്സുകളിൽ ഹർജിക്കാരുടെ വാദമുഖങ്ങൾ തള്ളി 12-10-2015-ൽ ബഹു. ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിരുന്നു. ഈ വിധിക്കെതിരെ കേരള ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷൻ ഫയൽ ചെയ്ത WA 2300/2015 ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്. ഈ റിട്ട് അപ്പീലിൽ 21-10-2015-ൽ ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ 2013-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിന്റ്മെന്റ് ടാക്സ് ഭേദഗതി നിയമം പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികളൊന്നും തൽക്കാലം ഹർജിക്കാർക്കെതിരെ കൈക്കൊള്ളരുതെന്ന് ഉത്തരവായിട്ടുണ്ട്. അതോടൊപ്പം ആലപ്പുഴനിന്നും സീതാസ് തിയേറ്റർ ഉടമയും തലശ്ശേരിയിലെ ലിബർട്ടി തിയേറ്റർ കോംപ്ലക്സ് ഉടമയും ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C) 34632/15 (D) എന്ന കേസിൽ 17-11-2015-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് പ്രകാരം ടി തിയേറ്ററുകളിൽ നിന്നുള്ള സെസ്സ് പിരിവ് കേസ്സിലെ കോടതി വിധിക്ക് വിധേയമായിരിക്കുമെന്നും ആക്ട് വ്യവസ്ഥകൾ പാലിക്കാതിരിക്കുന്നതുമൂലം ഉണ്ടാകാൻ സാധ്യതയുള്ള പ്രോസിക്യൂഷൻ നടപടികൾക്ക് താൽക്കാലിക വിലക്കും ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സെസ്സ് ഉൾപ്പെടെ നികുതികൾ അടയ്ക്കാത്ത തിയേറ്ററുകൾക്ക് ലൈസൻസ്/പെർമിറ്റ് നൽകേണ്ടതില്ല എന്ന വ്യവസ്ഥ 2013-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിന്റ്മെന്റ് ടാക്സ് (ഭേദഗതി) നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തിയേറ്റർ ഉടമകൾക്കെതിരെ പ്രോസീക്യൂഷൻ നടപടികൾ കൈക്കൊള്ളാൻ പാടില്ല എന്ന് 21-10-2015-ലെ WA2300/ 2015-ലെ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ താൽക്കാലിക വിധിയും WP(C)34632/15/(D) കേസിൽ 17-11-2015-ലെ വിധിയും നിലവിലുള്ളതിനാൽ മേൽ പ്രസ്താവിച്ച നടപടികൾ തൽക്കാലം കൈക്കൊള്ളാനാവില്ല. ഹൈക്കോടതി മുമ്പാകെയുള്ള മേൽപ്പടി റിട്ട് അപ്പീൽ തീർപ്പാക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണ്.

ഗതാഗത വകുപ്പിന്റെ ശാക്തീകരണം

23 (*173) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിനെ ശാക്തീകരിക്കുവാൻ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ആധുനിക ഉപകരണങ്ങളായ ഇന്റർസെപ്റ്ററുകൾ, റഡാറുകൾ, ആൽക്കോമീറ്ററുകൾ, ക്യാമറകൾ, രാത്രികാല ചെക്കിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ അമിത വേഗത, അലക്ഷ്യമായ ഡ്രൈവിംഗ് എന്നിവ കണ്ടുപിടിക്കുന്നതിനായി വിവിധ ഇടങ്ങളിലായി 201 ക്യാമറ സർവൈലൻസ് സിസ്റ്റം സ്ഥാപിച്ചുകഴിഞ്ഞു. ഡ്രൈവിംഗ് ടെസ്റ്റും വാഹന പരിശോധനയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കണ്ണൂരിലെ ഇളവായൂർ,

LIBRARY ARCHIVES Kerala Legislative Assembly